**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 727** **06-12-2022 - ൽ മറുപടിയ്ക്ക്**

**മരിപ്പുഴ, ഓളിക്കൽ, പൂവാറൻതോട് ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.ക്ക് കീഴിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട മരിപ്പുഴ, ഓളിക്കൽ, പൂവാറൻതോട് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | ഒലിക്കൽ, പൂവരംതോട് പദ്ധതികളുടെ സിവിൽ ജോലികൾ 15.06.2022ന് വർക്ക് അവാർഡ് ചെയ്ത് 19.09.2022ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.<br><br>മരിപ്പുഴ ചെറുകിട ജലവൈദ്യുതി പദ്ധതി നിർമ്മിക്കുന്നതിനായി സ്വകാര്യഭൂമി, വനഭൂമി, പട്ടികവർഗ്ഗക്കാരുടെ ഭൂമി എന്നിങ്ങനെ മൂന്നുതരം ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 29 സ്വകാര്യ ഭൂമിയുള്ളതിൽ 27 പേരുടെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. രണ്ട് പേരുടെ ഭൂമി എൽ.എ.ആർ.ആർ - ആക്ട് – 2013 പ്രകാരം ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. വനഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പട്ടികവർഗ്ഗ ഭൂമി ഏറ്റെ ടുക്കുന്നതിനു വേണ്ടി റവന്യൂ അധികൃതരുമായി ബന്ധപ്പെട്ട നടപടികൾ ഊർജ്ജിതമായി പുരോഗമിക്കുന്നു.<br><br>മരിപ്പുഴ ചെറുകിട ജലവൈദ്യുതി പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായതാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാലുടനെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഒലിക്കൽ, പൂവരംതോട് പദ്ധതികളുടെ സിവിൽ ജോലികൾ 15.06.2022ന് വർക്ക് അവാർഡ് ചെയ്ത് 19.09.2022ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.<br><br>മരിപ്പുഴ ചെറുകിട ജലവൈദ്യുതി പദ്ധതി നിർമ്മിക്കുന്നതിനായി സ്വകാര്യഭൂമി, വനഭൂമി, പട്ടികവർഗ്ഗക്കാരുടെ ഭൂമി എന്നിങ്ങനെ മൂന്നുതരം ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 29 സ്വകാര്യ ഭൂമിയുള്ളതിൽ 27 പേരുടെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. രണ്ട് പേരുടെ ഭൂമി എൽ.എ.ആർ.ആർ - ആക്ട് – 2013 പ്രകാരം ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. വനഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ ഭൂമി ഏറ്റെ ടുക്കുന്നതിനു വേണ്ടി റവന്യൂ അധികൃതരുമായി ബന്ധപ്പെട്ട നടപടികൾ ഊർജ്ജിതമായി പുരോഗമിക്കുന്നു.<br><br>മരിപ്പുഴ ചെറുകിട ജലവൈദ്യുതി പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായതാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാലുടനെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ